## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1591

14.07.2016 - ൽ മറുപടിയ്ക്ക്

### കയർ മേഖലയെ ശക്തിപ്പെടുത്തൽ

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | ഉത്തരം<br>ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) കയർ പിരി മേഖലയിലെ തൊഴിലാളികൾക്ക് 300 രൂപയും ഉത്പന്ന മേഖലയിലെ തൊഴിലാളികൾക്ക് 500/- രൂപയുമായി വേതനം നിശ്ചയിച്ചിട്ടുണ്ട് |
| (ബി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വ്യത്യസ്തവും ആകർഷണീയവുമായ വിവിധതരം കയർ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കയർ മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ; | (ബി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വ്യത്യസ്തവും ആകർഷണീയവുമായ വിവിധതരം കയർ ഉല്പന്നങ്ങൾ നിർമ്മിച്ച് കയർ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br>കയർ കോർപ്പറേഷൻ കയർഫെഡ് എന്നീ സ്ഥാപനങ്ങളിൽ കയർ ടഫ്റ്റിങ്ങ് യൂണിറ്റ് സ്ഥാപിച്ചതു വഴി വിവിധ ഡിസൈനുകളിലുള്ള മാറ്റുകൾ കലണ്ടറായും ചവിട്ടിയായും പരവതാനിയായും ഉപയോഗിക്കുന്ന രീതിയിൽ സജ്ജമാക്കിയിട്ടുണ്ട്. ഫോമാറ്റിംഗ്സ് ഇൻഡ്യയിൽ കയർ കംപോസിറ്റ് ബോർഡ് നിർമ്മാണം തുടങ്ങുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശബ്ദ നിയന്ത്രണത്തിനുള്ള ആധുനിക രീതിയിലുള്ള അകൗസ്റ്റിക് പാനൽ NCRMI രൂപ കല്പന നൽകി വികസിപ്പിച്ചിട്ടുണ്ട്. |
| (സി)കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിനും കയറ്റുമതിക്കുമായി നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ വെളിപ്പെടുത്താമോ | (സി)കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിനുംകയറ്റുമതിക്കുമായി കയർ കോർപ്പറേഷൻ എടുത്തിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കയർ മേഖലയിലെ ആഭ്യന്തര വിപണിയുടെ സാധ്യത ഉപയോഗപ്പെടുത്തുന്നതിന് വേണ്ടി പുതിയ ഷോറൂമുകൾ ആരംഭിക്കുന്നതിനും വിവിധ എക്സിബിഷനുകളിൽ പങ്കെടുക്കുന്നതിനും ഇന്റർനെറ്റ് മാർക്കറ്റിങ്ങ് വഴിയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ വിദേശ വിപണി സാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് കയർ |

| | |
|---|---|
| | കോർപ്പറേഷൻ വിദേശത്ത് സംഘടിപ്പിക്കുന്ന ട്രേഡ് ഷോകളിലും ബയർ സെല്ലർ മീറ്റുകളിലും പങ്കെടുത്ത് കയർ ഉൽപ്പന്നങ്ങളുടെ സാധ്യതകളെ വിശദീകരിക്കുകയും ഓർഡറുകൾ ശേഖരിക്കുകയും ചെയ്യുന്നു. കൂടാതെ ഫോറിൻ ബയേഴ്സിന്റെ ഇന്ത്യയിലുള്ള ഏജന്റുമാരെ നേരിൽകണ്ട് ഉൽപ്പന്നങ്ങളുടെ വിദേശ ഓർഡറുകൾ ശേഖരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ആധുനിക വിവര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിദേശ വിപണന സാധ്യതകളും പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതിന്റെ ഫലമായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 8.16 കോടി രൂപയുടെ വിൽപ്പന നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ